മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് വളരെ പ്രയാസമാണു്. കഴിയുന്നേടത്തോളം നോക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വൈദ്യശാലകളിൽ ഓണററി വിസിറ്റേഴ്സ് ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: രജിസ്റ്റർ സൂക്ഷിക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വൈദ്യശാലകളിൽ രജിസ്റ്റർ സൂക്ഷിക്കാറുണ്ടൊ എന്നാണു് ചോദിക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

## AYURVEDIC HOSPITAL—ARAKUNNAM

**130.** മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടിൽനിന്നു ദയവായി മറുപടി പറയുമോ.—

(എ) ആരക്കുന്നത്തു ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിലേക്കു ഗവർമ്മെണ്ടിലേക്കു വല്ല അപേക്ഷയും സിദ്ധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവർമ്മെണ്ടിൽനിന്നു എന്തു പ്രവർത്തിച്ചു;

(സി) അവിടെ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കാമെന്നു ഗവർമ്മെണ്ടു വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടു് അതു് ഇതുവരെ നടപ്പിൽ വരുത്തീട്ടില്ല?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വു്.

(ബി) അതിനെപ്പറ്റി ഫ ഫ ഫ ഫ-ൽ ആദ്യം ആലോചിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസർ പി. മാണി: ഫ ഫ ഫ-ൽ ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് എന്താണു?

മിസർ പറമ്പി ലോനപ്പൻ: ആ കൊല്ലത്തിൽതന്നെ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലൊ.

മിസർ പി. മാണി: എന്നാണു് ആ വാഗ്ദാനം നൽകിയതു് എന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ പറയുവാൻ കുറച്ചു പ്രയാസമുണ്ടു്.

മിസ്റ്റർ പി. മാണി: ഫ ഫ ഫ-ലേക്കു മാറ്റിവെക്കുവാനുണ്ടായ കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ ഫ-ൽ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് മാറ്റിവെക്കുവാൻ കാരണം.

മിസ്റ്റർ പി. മാണി: ഫ ഫ ഫ ഫ-ൽ കൊടുക്കാമെന്നാണോ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. കൊടുക്കണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വൈദ്യശാലകൾ സ്ഥാപിക്കുന്നതിനു് വല്ല പ്രോഗ്രാമും ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രോഗ്രാമൊന്നുമുണ്ടാക്കീട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പ്രോഗ്രാമൊന്നുമില്ലെങ്കിൽ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ആദ്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് ആദ്യം ചെയ്യാമെന്നുദ്ദേശിച്ചിട്ടാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ ഫ-ൽ ആദ്യം ആലോചിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. അഞ്ചു വൈദ്യശാലകൾ തുടങ്ങുന്നുണ്ടു്. ഒന്നു ഈ സ്ഥലത്തു കൊടുക്കാമെന്നാണു് വിചാരം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: മരുന്നുണ്ടാക്കുന്നതിനുള്ള ഏർപ്പാടും രോഗികൾക്കു കിടക്കുവാനുള്ള ബെഡ്ഡുകളും കൊടുക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. മാണി: അതില്ലാതെ ആശുപത്രിമാത്രം കൊടുത്തതുകൊണ്ടു പ്രയോജനമില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: എത്ര ഉദ്യോഗസ്ഥരുണ്ട് ഒരു ഡിസ്പെൻസറിക്കു കൊടുക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫാർമസിസ്റ്റ് ഉദ്യോഗസ്ഥരെയാണു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ആയുർവ്വേദാശുപത്രികളിലെല്ലാം മരുന്നുകൾ സമൃദ്ധിയായിട്ടു് ഉണ്ടാക്കിവരുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടാക്കാറുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: നല്ലേപ്പിള്ളി ആശുപത്രിക്കു് ഫാർമസിസ്റ്റ് ഉദ്യോഗസ്ഥരുള്ള മരുന്നു കൊടുക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൊടുക്കുന്നുണ്ടെന്നാണു് വിശ്വാസം.

മിസ്റ്റർ എ. ഈച്ചരമേനോൻ: അവിടെ വൈദ്യൻ മാത്രമേയുള്ളു.

## CHENNAMANGALAM—DISPENSARIES IN THE AREA

**131.** മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിലെ ജനസംഖ്യ എത്ര?

(ബി) ചേന്ദമംഗലം പഞ്ചായത്തുത്തിക്കുള്ളിൽ എത്ര ഗവൺമെണ്ടു് ഡിസ്പെൻസറികളുണ്ടു്;

(സി) ഈ പഞ്ചായത്തുത്തിക്കുള്ളിൽ ഒരു ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചു തരണമെന്നു നിവേദനം ഗവൺമെണ്ടിനു കിട്ടിയിട്ടില്ലേ; അതിന്മേൽ ഗവൺമെണ്ടു് എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൨൭,൪൪൬.

(ബി) ഒരു ഗ്രാൻഡ് ഇൻ എയിഡഡ് അലോപ്പതിക്കു ഡിസ്പെൻസറി ഉണ്ടു്.

(സി) സ്ഥലത്തെ നായർ സമാജം പാസ്സാക്കിയ ഒരു പ്രമേയം ഫാർവർഡ്-ൽ ഗവൺമെണ്ടിന്റെ ആലോചനക്കു വരികയും അതു റിക്കാർഡ്ു് ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. അതിനുശേഷം നിവേദനങ്ങൾ ഒന്നും ഗവൺമെണ്ടിനു ലഭിച്ചിട്ടില്ല.

മിസ്റ്റർ എം. കെ. വറുഗീസ്: അവിടെ ഒരു ഡിസ്പെൻസറി വേണ്ടതാണെന്നു ഗവൺമെണ്ടിനഭിപ്രായമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഇപ്പോൾ ഒരു അലോപ്പതിക് ഡിസ്പെൻസറി ഉണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ആ ഡിസ്പെൻസറിയിലേക്കു് കൊല്ലത്തിൽ എത്ര സംഖ്യവീതം സഹായം ചെയ്യുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്. യാണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതു ഡാക്ടർക്കും മരുന്നിനും കൂടിയല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഡാക്ടർക്കു മാത്രം രൂപയായി എത്ര ഉദ്യോഗസ്ഥരുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്. യാണെന്നു തോന്നുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഫാർമസിസ്റ്റ് മാത്രമാണോ മരുന്നിനു് ചിലവാകുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബാക്കിയുള്ളതു മരുന്നിനും.

മിസ്റ്റർ പി. എ. മുഹമ്മദ് അബ്ദുറോഫ്: പ്രമേയം റിക്കാർഡ്ചെയ്തതല്ലാതെ വേണമെന്നോ വേണ്ടെന്നോ തീർച്ചയാക്കീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly